കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ ആന്റ് ബി) കുട്ടനാടിന്റെ സമഗ്രവികസനത്തിനായി ഏകദേശം 200 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നബാർഡിന്റെ കൺസൾട്ടൻസി വിഭാഗമായ നാബ് കോണുമായി സർക്കാർ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ബണ്ടുകളുടെ സംരക്ഷണത്തിനായി കൽകെട്ട് ഉൾപ്പെടെയുള്ള വിവിധ ഇനം പ്രവൃത്തികൾ ഒരു സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞ് നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില

*7 [211] ശ്രീ. ജോർജ് ജെ. മാത്യു:
,, പി. ടി. തോമസ്:
,, വി. ഡി. സതീശൻ:
,, അടൂർ പ്രകാശ്:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുരുമുളക്, കാപ്പി, അടയ്ക്ക എന്നിവയുടെ വില നിലവാരം ഇപ്പോൾ എത്ര വീതമാണ്;

(ബി) ഇവയുടെ വില കുറയുവാനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) സീസൺ കാലത്ത് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിയുന്നതുമൂലം കർഷകർക്ക് വലിയ നഷ്ടം നേരിടുന്നുണ്ടോ;

(ഡി) എങ്കിൽ കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കാനുദ്ദേശിക്കുന്നുണ്ടോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് കുരുമുളക്, കാപ്പി, അടയ്ക്ക എന്നിവയുടെ 2004 ജൂൺ മാസത്തെ ശരാശരി വിലനിലവാരം താഴെപ്പറയും പ്രകാരമാണ്:

		രൂപ (ക്വിന്റൽ)
(1) കുരുമുളക്	..	6,735
(2) കാപ്പി	..	3,075
(3) അടയ്ക്ക (ഉണക്ക)	..	4,964

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രധാന കാരണങ്ങൾ താഴെപ്പറയുന്നു:

(1) കുരുമുളക്.—ആഗോളവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന കയറ്റിറക്കുമതി നയം, ഇൻഡ്യയും ശ്രീലങ്കയുമായുള്ള സ്വതന്ത്ര വ്യാപാര കരാറിന്റെ ഭാഗമായി ശ്രീലങ്കയിൽ നിന്നുള്ള കുരുമുളകിന്റെ വൻതോതിലുള്ള തീരുവരഹിതമായ ഇറക്കുമതി, മറ്റു രാജ്യങ്ങളിലെ കുരുമുളകും ഈ സൗജന്യം ദുരുപയോഗിച്ച് ശ്രീലങ്ക വഴി ഇന്ത്യയിലെത്തുന്നത് അന്താരാഷ്ട്ര വിപണിയിൽ കുരുമുളകിന്റെ ആവശ്യകതയിൽ വന്ന മാന്ദ്യം തുടങ്ങിയവ കുരുമുളകിന്റെ വിലയിടിവിന് പ്രേരകമായിട്ടുണ്ട്.

(2) കാപ്പി.—മുഖ്യ കാപ്പി ഉൽപ്പാദക രാജ്യങ്ങളിൽ കാപ്പിയുടെ ഉൽപ്പാദനം വർദ്ധിച്ചതും അന്താരാഷ്ട്ര തലത്തിലും നമ്മുടെ രാജ്യത്തും കാപ്പിയുടെ ഉപഭോഗം കുറഞ്ഞതുമാണ് കാപ്പിയുടെ വിലയിടിവിന് കാരണം.

(3) അടയ്ക്ക.—ഉൽപ്പാദനം വർദ്ധിച്ചതിന്റെ അനുപാതത്തിൽ ഉപഭോഗം വർദ്ധിക്കാത്തതാണ് അടയ്ക്കയുടെ വിലയിടിവിന് പ്രധാന കാരണമായത്. ഗുഡ്ക്ക പോലുള്ള അടയ്ക്ക ഉൽപ്പന്നങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന കാരണത്താൽ നിരോധിക്കപ്പെട്ടത് ഉപഭോഗം കുറയാൻ കാരണമായി.

(സി) ചില അവസരങ്ങളിൽ വില കുറയാറുണ്ട്.

(ഡി) കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കേണ്ടത് കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷന്റെ ശുപാർശപ്രകാരം കേന്ദ്ര സർക്കാരാണ്.

സംസ്ഥാനത്ത് എൻഡോസൾഫാന്റെ ഉപയോഗം

*8 [212] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എൻഡോസൾഫാൻ കീടനാശിനി പ്രയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിലെ കശുമാവ് തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനിക്കു പകരം അതിനേക്കാൾ മാരകമായ റൗണ്ട് അപ് പോലുള്ള കീടനാശിനികൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly